## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 761 — 30.01.2019-ൽ മറുപടിക്ക്

### ട്രൈബൽ ഹെൽത്ത് ഡയറക്ടറേറ്റ് രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ : | | ശ്രീ. എ.കെ. ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ട്രൈബൽ ഹെൽത്ത് ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് നടപടി സ്വീകരിക്കാനാകുമോ ; വ്യക്തമാക്കുമോ? | എ) | ഈ വിഷയം സർക്കാർ പരിഗണനയിലില്ല. |
| ബി) | സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലക്ക് രണ്ടര ശതമാനം ജി.ഡി.പി. പെർ ക്യാപിറ്റക്ക് തുല്യമായ തുക 2018-19 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | ബി) | സംസ്ഥാനത്തിലെ മൊത്തം ജനസംഖ്യയിൽ പട്ടികവർഗ്ഗത്തിന്റെ ജനസംഖ്യാനുപാതം 1.45 ശതമാനം ആണ്. ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത വിഭാഗത്തിന് തുക അനുവദിക്കുന്നത്. 2018-19 സാമ്പത്തിക വർഷം പട്ടികവർഗ്ഗക്കാർക്കായി ബഡ്ജറ്റിൽ 2.83% തുക വകയിരുത്തിയിട്ടുണ്ട്. ജി.ഡി.പി. പെർ ക്യാപിറ്റക്ക് തുല്യമായ തുക നിലവിൽ വകയിരുത്തുന്നില്ല. |
| സി) | ഇപ്രകാരം അനുവദിച്ച തുകയിൽ പ്രാഥമിക ആരോഗ്യ മേഖലയ്ക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | സി) | 2018-19 ലെ ബഡ്ജറ്റിൽ പട്ടിക വർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി 24 കോടി 39 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ